"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അംഗീകൃത കരുനാഗപ്പള്ളി മാസ്റ്റർപ്ലാനിന്റെ കരട് വ്യതിയാനം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.117/2024/LSGD തീയതി,തിരുവനന്തപുരം, 11-09-2024

---

പരാമർശം:-
1. 31.07.2018 ലെ സ.ഉ.(കൈ.) നം.101/2018/എൽ.എസ്.ജി.ഡി. ഉത്തരവ്
2. 16.02.2022 ലെ ആർ.ഡി.2/73/2018/എൽ,എസ്.ജി.ഡി. നമ്പർ കത്ത്
3. കരുനാഗപ്പള്ളി നഗരസഭയുടെ 16.02.2024 ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം
4. കരുനാഗപ്പള്ളി നഗരസഭ സെക്രട്ടറിയുടെ 28.06.2024 തീയതിയിലെ ടിപി-3172/2016 നമ്പർ കത്ത്.
5. ചീഫ് ടൗൺ പ്ലാനറുടെ 25.07.2024 തീയതിയിലെ എൽ.എസ്.ജി.ഡി./പിഡി/17836/2023-ടിസിപിബി4 നമ്പർ കത്ത്.

**ഉത്തരവ്**

കരുനാഗപ്പള്ളി മാസ്റ്റർ പ്ലാനിന് പരാമർശ ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നല്കിയിട്ടുള്ളതാണ്. അന്തിമ അനുമതി ലഭിച്ച പ്രസ്തുത മാസ്റ്റർപ്ലാനിലെ Paddy/Low Lying Land എന്ന് സോൺ ചെയ്തിരിക്കുന്ന പ്രദേശങ്ങളിൽ PMAY, LIFE പദ്ധതി പ്രകാരം വീട് അനുവദിച്ച ഗുണഭോക്താക്കൾ ഉൾപ്പെടെ നിരവധി പേർക്ക് നിർമാണാനുമതി ലഭിക്കാത്തത് മൂലം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതിനാൽ 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ട് സെക്ഷൻ 50(2) പ്രകാരം മാസ്റ്റർ പ്ലാനിൽ ഭേദഗതി വരുത്തുന്നതിന് കരുനാഗപ്പള്ളി നഗരസഭ കൗൺസിൽ തീരുമാനിക്കുകയും ആയതിനുള്ള ശിപാർശ മുഖ്യനഗരാസൂത്രകൻ പ്രകാരം



File No. LSGD/PD/17836/2023-TCPB4 (Computer No. 19721)

Generated from eOffice by Vani.M.K., TPS4 (PLG) PD LSGD, TPS4 (PLG) PD LSGD, PRINCIPAL DIRCTORATE LSGD on 30/09/2024 01:39 PM

ലഭ്യമാക്കുകയുമുണ്ടായി. തുടർന്ന് പരാമർശം (2) കത്ത് മുഖേന കരുനാഗപ്പള്ളി മാസ്റ്റർപ്ലാൻ ഭേദഗതി ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതുമാണ്.

(2) കരുനാഗപ്പള്ളി മാസ്റ്റർപ്ലാൻ പുനരവലോകനം ചെയ്ത് പരിഷ്കരിക്കുന്നതിനുള്ള സ്പെഷ്യൽ കമ്മിറ്റിയുടെ ശിപാർശ നഗരസഭ കൗൺസിൽ അംഗീകരിക്കുകയും ഇതിനായുള്ള ഉദ്ദേശ്യം 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാൻ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(1) പ്രകാരം ഫാറം II-ൽ വിജ്ഞാപനം ചെയ്യുവാൻ തീരുമാനിക്കുകയും പ്രസ്തുത ഉദ്ദേശ്യം വിജ്ഞാപനം ചെയ്യുകയുമുണ്ടായി. തുടർന്ന് മാസ്റ്റർപ്ലാനിൽ വരുത്തേണ്ടുന്ന ഭേദഗതികൾ സ്പെഷ്യൽ കമ്മിറ്റി കൗൺസിലിലേയ്ക്ക് ശിപാർശ ചെയ്യുകയും കരുനാഗപ്പള്ളി നഗരസഭയുടെ പരാമർശം (3) കൗൺസിൽ തീരുമാനം പ്രകാരം അംഗീകരിക്കുകയുമുണ്ടായി. തുടർന്ന് കരുനാഗപ്പള്ളി മുനിസിപ്പൽ കൗൺസിലിന്റെ അംഗീകൃത മാസ്റ്റർപ്ലാൻ ഭാഗികമായി വ്യതിയാനം വരുത്തുന്നതിനുള്ള കരട് വിജ്ഞാപനം പൊതുജനങ്ങളുടെ ആക്ഷേപനിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതിക്കായി പരാമർശം (4) പ്രകാരം നഗരസഭ സെക്രട്ടറി ഉചിതമാർഗ്ഗേന സർക്കാരിലേയ്ക്ക് സമർപ്പിച്ചിരിക്കുന്നു.

(3) 2016-ലെ കേരള നഗരഗ്രാമാസുത്രണ ആക്റ്റ് വകുപ്പ് 36(3), 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാൻ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) എന്നിവ പ്രകാരം, പ്രസ്തുത വ്യതിയാനത്തിന്റെ കരട് ലഭിച്ച് 60 ദിവസത്തിനുള്ളിൽ, ബന്ധപ്പെട്ട മുനിസിപ്പൽ കൗൺസിലിന് ആയത് പ്രസിദ്ധീകരിക്കാൻ സർക്കാർ അനുമതി നൽകേണ്ടതാണ്. ആയതിനാൽ, അംഗീകൃത കരുനാഗപ്പള്ളി മാസ്റ്റർപ്ലാനിന്റെ വ്യതിയാനത്തിനുള്ള കരട് വിജ്ഞാപനം, ആയതു അംഗീകരിക്കുവാനുള്ള നഗരസഭ കൗൺസിലിന്റെ തീരുമാനം, കൊല്ലം ജില്ലാ ടൗൺ പ്ലാനറുടെ ശിപാർശ എന്നിവ പരിഗണിച്ച് കൊണ്ടും, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിലെ വകുപ്പ് 36(3), 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) എന്നിവ പ്രകാരം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണ് എന്ന് പരാമർശം (5) പ്രകാരം ചീഫ് ടൗൺ പ്ലാനർ

ശിപാർശ ചെയ്തിരിക്കുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അംഗീകൃത കരുനാഗപ്പള്ളി മാസ്റ്റർ പ്ലാനിന്റെ വ്യതിയാനത്തിന്, ആയതു അംഗീകരിക്കുവാനുള്ള നഗരസഭ കൗൺസിലിന്റെ തീരുമാനം, ചീഫ് ടൗൺ പ്ലാനറുടെ ശിപാർശ എന്നിവ പരിഗണിച്ച്, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിലെ വകുപ്പ് 36(3), 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) എന്നിവ പ്രകാരം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYAKUMARI P**

ജോയിന്റ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
2. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ ടൗൺ പ്ലാനർ, കൊല്ലം (ചീഫ് ടൗൺ പ്ലാനർ മുഖേന)
4. സെക്രട്ടറി, കരുനാഗപ്പള്ളി നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
6. വിവര പൊതുജന സമ്പർക്ക (വെബ് & പിആർഡി) വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ



File No. LSGD/PD/17836/2023-TCPB4 (Computer No. 19721)

Generated from eOffice by Vani.M.K., TPS4 (PLG) PD LSGD, TPS4 (PLG) PD LSGD, PRINCIPAL DIRCTORATE LSGD on 30/09/2024 01:39 PM